# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *193** — **09.12.2014-ൽ മറുപടിയ്ക്ക്**

## ഗോത്രജ്യോതി പദ്ധതി

**ചോദ്യം**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.എം.എ.വാഹീദ്

**മറുപടി**

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഗോത്ര ജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | ഗോത്രജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി പാസ്സായ 15 നും 30 നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകി ഉദ്ബുദ്ധരാക്കി അവർക്ക് അഭിരുചിയുള്ള മേഖലകളിലെ മെച്ചപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| സി) | പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡെവലപ്മെന്റ് എന്ന കേന്ദ്രഗവണ്മെന്റ് സ്ഥാപനവും നാഷണൽ സർവ്വീസ് സ്കീമും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. |
| ഡി) | പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | ഡി) | സംസ്ഥാനത്ത് 20 കേന്ദ്രങ്ങളിൽ വച്ച് ഒരു ദിവസത്തെ ശില്പശാല 2013 മെയ് 14 മുതൽ 25 വരെ സംഘടിപ്പിക്കുകയും 3500-ൽപരം പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പ്രത്യേക ക്ലാസ്സുകളും അവബോധവും നൽകുകയുമുണ്ടായി. |

| | | | |
|---|---|---|---|
| | | | 3 ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രാഥമിക ഘട്ടത്തിൽ ശില്പശാലകളിൽ പങ്കെടുക്കുന്ന യുവതീയുവാക്കളിൽനിന്നും യോഗ്യത, അഭിരുചി, സാമർത്ഥ്യം തുടങ്ങിയവയുടെ വിവരശേഖരണം നടത്തി വിശദമായ ലിസ്റ്റ് തയ്യാറാക്കുന്നു.<br>രണ്ടാം ഘട്ടത്തിൽ വിവിധ തൊഴിൽ മേഖലകളിൽ ഈ യുവതീയുവാക്കൾക്ക് സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ്, പി.എസ്.സി കോച്ചിംഗ്, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി തുടങ്ങിയ തൊഴിൽ മേഖലകളിൽ പരിശീലനവും നൽകുന്നു. ഇതിന്റെ തുടർച്ചയായി തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജിയിൽ 65 യുവതീയുവാക്കൾക്ക് രണ്ട് മാസത്തെ പരിശീലനം നൽകി വരുന്നു. ഇവർക്ക് താമസം, ഭക്ഷണം, യൂണിഫോം എന്നിവ സൗജന്യമായി നൽകുകയും പ്രതിമാസം 1000/- രൂപ സ്റ്റൈപ്പന്റ് അനുവദിച്ച് നൽകുകയും ചെയ്യുന്നു. |

Haripriya

സെക്ഷൻ ഓഫീസർ